LIBRARY ARCHIVES Kerala Legislative Assembly

റോഡുകളുടെ ശോച്യാവസ്ഥ

27 (*117) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗതയോഗ്യമല്ലാത്തതരത്തിൽ തകർന്ന നിലയിലായ റോഡുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പുതുതായി പണി പൂർത്തിയാക്കിയ പാതകൾപോലും തകരാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത അവസ്ഥയ്ക്ക് കാരണമെന്തെന്ന് വിശദമാക്കുമോ ;

(ഡി) ഗതാഗതയോഗ്യമല്ലാത്ത റോഡുകളിൽ അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഗതാഗത യോഗ്യമല്ലാത്ത തരത്തിൽ തകർന്ന റോഡുകളൊന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ദേശീയപാത വിഭാഗത്തിലെ നിർമ്മാണ പ്രവൃത്തികളെല്ലാം തന്നെ ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ നിബന്ധനകൾക്കും മോർത്ത് (MoRTH) സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടത്തുന്നത്. നിർമ്മാണ ഘട്ടത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ സംവിധാനങ്ങളോടും കൂടിയ ഗുണനിലവാര പരിശോധന ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിച്ച് ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധന വിംഗിന്റെ മേൽനോട്ടത്തിൽ ടെസ്റ്റുകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിലെയും എഞ്ചിനീയർമാർ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ആയതിനാൽ പുതുതായി പണി പൂർത്തിയാക്കിയ പാതകളൊന്നും തന്നെ തകരുന്നില്ല. എന്നാൽ ആവശ്യമായ

ഡ്രെയിനേജ് സംവിധാനങ്ങളുടെ അഭാവത്തിലും വാട്ടർ പൈപ്പുകളിലുള്ള ലീക്കേജ് മൂലവും ചില സ്ഥലങ്ങളിൽ റോഡുകളിൽ കേടുപാടുകൾ സംഭവിക്കുന്നുണ്ട്. ഇത്തരം കേടുപാടുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കതന്നെ അവയ്ക്കുള്ള പരിഹാര നടപടികൾ സ്വീകരിക്കാറുണ്ട്. സംസ്ഥാന പാതകളിൽ പഞ്ചായത്തുകളിൽ നിന്നും സർക്കാർ ഏറ്റെടുത്ത് എം.ഡി.ആർ. ആയി വിജ്ഞാപനം പുറപ്പെടുവിച്ച റോഡുകൾ വർഷങ്ങളായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്താതിരുന്നതുകൊണ്ട് അടിക്കടി കേടുപാടുകൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കേടുപാടുകൾ അതാത് സമയങ്ങളിൽതന്നെ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) റോഡുകളിൽ അപകടങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയിൽ ഭൂരിഭാഗവും റോഡ്, ഉപയോഗിക്കുന്നവരുടെ അശ്രദ്ധമൂലമാണ് ഉണ്ടാകുന്നത്. റോഡുകളിലുള്ള കേടുപാടുകൾ പരിഹരിക്കുന്നതിന് യഥാസമയം നടപടി സ്വീകരിക്കുന്നുണ്ട്.

സപ്ലൈകോ വിതരണം ചെയ്യുന്ന അവശ്യവസ്തുക്കളുടെ വില വർദ്ധനവ്

28 (*118) ശ്രീ. എസ്. ശർമ്മ :
ശ്രീ. എളമരം കരീം :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോവഴി വിൽക്കുന്ന അവശ്യവസ്തുക്കളുടെ വില വർദ്ധിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം ഉല്പന്നങ്ങൾക്ക് എത്ര ശതമാനം നിരക്കിലാണ് വർദ്ധനവ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്രാമത്തെ തവണയാണ് സപ്ലൈകോ വിതരണം ചെയ്യുന്ന വസ്തുക്കൾക്ക് വില വർദ്ധിപ്പിക്കുന്നത്; വിശദമാക്കാമോ ;

(ഡി) പൊതു മാർക്കറ്റിൽ വിലക്കയറ്റം നിയന്ത്രണാതീതമായി തുടർന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സപ്ലൈകോവഴി വിൽക്കുന്ന ഉല്പന്നങ്ങളുടെ വില കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly